

കേരള പ്രാദേശികചരിത്ര പഠനസമിതി

# ഒന്നാം വാർഷികസമ്മേളനവും ശില്പശാലയും

2023 മാർച്ച് 11 ശനിയാഴ്ച

മഹാകവി ജി ഓഡിറ്റോറിയം, എറണാകുളം



സുഹൃത്തെ,

പ്രദേശികചരിത്രപഠനത്തിലും പൈതൃകപഠനത്തിലും സംരക്ഷണത്തിലും ഏർപ്പെട്ടിരിക്കുന്ന സംഘടനകളെയും വ്യക്തികളെയും ഉൾപ്പെടുത്തി 2022 മാർച്ച് 10 ന് തിരൂരിൽ വച്ച് രൂപീകരിച്ച സ്വതന്ത്ര സംഘടനാ സംവിധാനമാണ് കേരള പ്രാദേശികചരിത്ര പഠനസമിതി. ചരിത്രപഠനത്തിൽ തികച്ചും ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിച്ചും വാമൊഴിവഴക്കങ്ങളിൽ ഒളിഞ്ഞുകിടക്കുന്ന ചരിത്രാംശങ്ങളെ വേർതിരിച്ചെടുത്തും സൂക്ഷ്മവും സമഗ്രവുമായി ദേശചരിത്ര രചനയിലേർപ്പെട്ടിരിക്കുവരാണ് ഈ പഠനസമിതിയിലുള്ളത്. ഓരോ തലമുറ കഴിയുമ്പോളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഭൂതകാല അറിവുകളെ തേടിപ്പിടിച്ച് പകർത്തി സൂക്ഷിക്കുവാനും ചരിത്രപഠനത്തിന് ആധാരമായ തെളിവുസാമഗ്രികളെ സംരക്ഷിക്കുന്നതിനും അക്കാദമിക് സഹകരണത്തോടെയുള്ള കൂട്ടായ പരിശ്രമങ്ങളാണ് ഉണ്ടാകേണ്ടത്.

പ്രാദേശിക സ്വത്വാഭിമാനത്തിൽ അതിരുകടന്ന് അഭിരമിക്കാതെയും പുരാവൃത്തങ്ങളിലെ കാൽപനികതയിൽ കുടുങ്ങിക്കിടക്കാതെയും ജനിച്ച ദേശത്തിന്റെ പോയകാലത്തെ ലിഖിതരൂപത്തിൽ പുനരാവിഷ്കരിക്കാൻ ചുമതലപ്പെട്ടവരാണ് പ്രാദേശികചരിത്രകാരൻമാർ. ഓരോ ദേശങ്ങളുടെയും സാംസ്കാരികത്തനിമ തിരിച്ചറിഞ്ഞ് അതിലുറങ്ങുന്ന നന്മ സാമൂഹ്യനിർമ്മിതിക്ക് അനുഗുണമാക്കുന്നതിനായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് പൈതൃകപഠനരംഗത്തും സംരക്ഷണരംഗത്തുമുള്ളവർ. കേരളത്തിലെ ചരിത്ര വിദ്യാഭ്യാസരംഗത്തെ സ്ഥാപനങ്ങളും അദ്ധ്യാപകരും വിദ്യാർത്ഥികളും ഈ കൂട്ടായ്മയോട് സഹകരിക്കുന്നുണ്ട്.

പൊതുവായ രീതിശാസ്ത്രമാനകങ്ങളിൽ ഒരു വിഷയത്തെ സമീപിച്ച് പ്രാദേശികതലത്തിൽ വ്യക്തിപരമായും കൂട്ടായുമുള്ള ചരിത്രാന്വേഷണ പ്രവർത്തനങ്ങളിൽ അപഗ്രഥനത്തിലും രചനാരീതിയിലും ഏകതാനത നിലനിർത്തിയും ക്രോഢീകരിച്ചുള്ള ജനകീയമായ പ്രാദേശികചരിത്രപഠനം കേരളചരിത്രത്തെ സമ്പുഷ്ടമാക്കാൻ ഇടയാകും.

ഈ പ്രവർത്തനങ്ങളെയെല്ലാം സാധ്യമാക്കാനുള്ള പര്യാലോചനയാണ് പഠനസമിതിയുടെ ഈ ശൈശവഘട്ടത്തിൽ പ്രസക്തമായിരിക്കുന്നത്. കേരളത്തിലെ ഓരോ പ്രദേശത്തുമുള്ള സമാനചിന്താഗതിക്കാരെ പങ്കെടുപ്പിച്ച് ഈ സമ്മേളനവും ശില്പശാലയും അർത്ഥപൂർണ്ണമാക്കണമെന്നാണ് ആഗ്രഹിക്കുന്നത്. അതിനായി താങ്കൾ പങ്കെടുക്കുന്നതു കൂടാതെ താങ്കളുടെ അറിവിൽപ്പെട്ട പ്രസ്തുത വിഷയങ്ങളിൽ അറിവുള്ളവരെയും ആഭിമുഖ്യം പുലർത്തുന്നവരെയും ഈ വിവരം അറിയിച്ച് പങ്കെടുപ്പിക്കുന്നതിന് കൂടി ശ്രദ്ധ വയ്ക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട്

സസ്നേഹം,

**പള്ളിക്കോണം രാജീവ്**
സംസ്ഥാന കോർഡിനേറ്റർ
കേരള പ്രാദേശികചരിത്ര പഠനസമിതി

# കാര്യപരിപാടികൾ

2023 മാർച്ച് 11 ശനി | മഹാകവി ജി ഓഡിറ്റോറിയം, എറണാകുളം

രാവിലെ 10 മണിക്ക്

## വാർഷികസമ്മേളനം

| | | |
|---|---|---|
| സ്വാഗതം | : | **ശ്രീ. പി. എ. രാജപ്പൻ** |
| അദ്ധ്യക്ഷൻ | : | **ശ്രീ. കെ. സി. അബ്ദുള്ള**<br>സെക്രട്ടറി, വെട്ടത്തുനാട് ചരിത്ര-സാംസ്കാരിക വേദി |
| ഉദ്ഘാടനം | : | **ഡോ. എസ്. ഹേമചന്ദ്രൻ**<br>മുൻ ഡയറക്ടർ, കേരള പുരാവസ്തു വകുപ്പ് |
| പ്രവർത്തനമാർഗ്ഗരേഖ അവതരണം | : | **ശ്രീ. പള്ളിക്കോണം രാജീവ്**<br>സംസ്ഥാന കോർഡിനേറ്റർ, കേരള പ്രാദേശികചരിത്ര പഠനസമിതി |
| പ്രഭാഷണങ്ങൾ | : | **പ്രാദേശികചരിത്രപഠനത്തിൽ വാമൊഴികൾക്കുള്ള സ്ഥാനം**<br>**ഡോ. പി. ശിവദാസൻ**<br>ചരിത്രവിഭാഗം, കോഴിക്കോട് സർവ്വകലാശാല<br><br>**പ്രാദേശികചരിത്രപഠനത്തിലെ അക്കാദമിക് സഹകരണത്തിന്റെ സാധ്യതകളും പ്രയോഗവും**<br>**ഡോ. മഞ്ജുഷ വർമ്മ**<br>ചരിത്രവിഭാഗം, തുഞ്ചത്തെഴുത്തച്ഛൻ സ്മാരക മലയാള സർവ്വകലാശാല, തിരൂർ<br><br>**പ്രദേശം എന്ന ലോകം: ചില രീതിശാസ്ത്ര ആലോചനകൾ**<br>**ഡോ. അഭിലാഷ് മലയിൽ**<br>ചരിത്രവിഭാഗം, ശ്രീശങ്കര സർവ്വകലാശാല, കാലടി<br><br>**പ്രാദേശികചരിത്രം വെറും പ്രാദേശികമല്ല**<br>**പ്രൊഫ. ദിനേശൻ വടക്കിനിയിൽ**<br>ഡയറക്ടർ, സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് എം. ജി. സർവ്വകലാശാല<br><br>**ഹെറിറ്റേജ് ടൂറിസത്തിന് ഒരു മികച്ച മാതൃക**<br>**രാജു പി. നായർ**<br>ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്, മുളന്തുരുത്തി |
| കൃതജ്ഞത : | | **ഡോ. വി. കാമാക്ഷി**<br>വകുപ്പുമേധാവി, ചരിത്രവിഭാഗം, അസംപ്ഷൻ കോളജ്, ചങ്ങനാശ്ശേരി |

ഉച്ചഭക്ഷണം

ഉച്ചകഴിഞ്ഞ് 2 മണിക്ക്

# ശില്പശാല

## കേരളത്തിലെ ജലപാതകളുടെ ചരിത്രം

| | | |
|---|---|---|
| വിഷയാവതരണം | : | **ജലപാതകളുടെ ചരിത്രത്തിന് ഒരു ആമുഖം**<br>**ശ്രീ. പള്ളിക്കോണം രാജീവ്** |
| | : | **പശ്ചിമതീര ജലപാതയുടെ വിന്യാസവും ചരിത്രവും**<br>**ശ്രീ. പി. അജിത്കുമാർ**<br>റിട്ട. സൂപ്രണ്ടിങ് എഞ്ചിനീയർ, ജലസേചനവകുപ്പ് |
| ചർച്ച നയിക്കുന്നവർ | : | ശ്രീ. കെ. സി. അബ്ദുൾ ലത്തീഫ് • ശ്രീ. ബാബു റസാഖ്<br>ശ്രീ. ജോയ് സി. കമ്പക്കാരൻ • ശ്രീ. വി. വി. ജോസ് കല്ലട<br>ശ്രീ. രമേശൻ മുല്ലശ്ശേരി • ശ്രീ. ജോയ് കള്ളിവയലിൽ<br>ഡോ. സ്വപ്നറാണി • ഡോ. ശുഭ • ശ്രീ. മുഹമ്മദ് കുട്ടി<br>ശ്രീ. ടോണി ആന്റണി • ശ്രീ. സക്കീർ ഹുസൈൻ |

വൈകുന്നേരം 5 ന്

## സംസ്ഥാനസമിതി രൂപീകരണം

| | | |
|---|---|---|
| നന്ദി പ്രകാശനം: | : | **ശ്രീമതി രശ്മി വാര്യർ**<br>ജില്ലാ പഠനസമിതി അംഗം, എറണാകുളം |




സമ്മേളനവേദിയുടെ സ്ഥാനം എറണാകുളത്തിന്റെ ഭുപടത്തിൽ